**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2435** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യഭദ്രതാ അലവൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഇ പോസ് തകരാർ മൂലം സംസ്ഥാനത്ത് റേഷൻ കാർഡ് ഉടമകൾക്ക് റേഷൻ വാങ്ങാൻ സാധിക്കാതെ വന്നിട്ടുള്ള സാഹചര്യം വിശദമാക്കാമോ; | (എ) | റേഷൻ വിതരണവുമായി ബന്ധപ്പെട്ട സെർവറുകളിൽ ഉണ്ടാകുന്ന തകരാർ കാരണം അപൂർവ്വം ചില അവസരങ്ങളിൽ റേഷൻ വിതരണത്തിൽ ഭാഗികമായ തടസ്സം നേരിടാറുണ്ട്. ഇ-പോസ് മെഷീൻ മുഖാന്തരമുള്ള ഇടപാടുകളിൽ ഉണ്ടാകുന്ന ഭാഗികമായ തടസ്സങ്ങൾ വളരെ കുറഞ്ഞ സമയത്തിനുള്ളിൽ ബന്ധപ്പെട്ട ഏജൻസികളുമായി ചേർന്ന് പരിഹരിച്ച് റേഷൻ വിതരണം സുഗമമായി നടത്താറുണ്ട്. വിതരണം പൂർണ്ണമായും മുടങ്ങുന്ന സാഹചര്യമോ ഗുണഭോക്താക്കൾക്ക് റേഷൻ കിട്ടാതിരിക്കുന്ന സാഹചര്യമോ ഉണ്ടായിട്ടില്ല. |
| (ബി) | ഇ പോസ് തകരാർ മൂലം സംസ്ഥാനത്ത് റേഷൻ വാങ്ങാൻ സാധിക്കാതെ വന്ന ആളുകൾ എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇ-പോസ് തകരാർ മൂലം സംസ്ഥാനത്ത് റേഷൻ കിട്ടാതിരിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. സാങ്കേതിക പ്രശ്നങ്ങൾ കാരണം അവസാന ദിവസങ്ങളിൽ റേഷൻ വാങ്ങാൻ സാധിക്കാത്തവർക്ക് റേഷൻ വാങ്ങുന്നതിനായി തൊട്ടടുത്ത മാസത്തിലെ ആദ്യ ദിവസങ്ങളിൽ റേഷൻ വിതരണം നീട്ടി നൽകിക്കൊണ്ട് എല്ലാ ഗുണഭോക്താക്കൾക്കും റേഷൻ വാങ്ങുന്നതിനുള്ള സാഹചര്യം അനുവദിച്ചു നൽകാറുണ്ട്. |
| (സി) | പ്രസ്തുത ആളുകൾക്ക് ഭക്ഷ്യഭദ്രതാ അലവൻസ് ലഭ്യമാകാത്തത് സംബന്ധിച്ച് ഭക്ഷ്യകമ്മീഷന് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ? | (സി) | ഭക്ഷ്യഭദ്രതാ അലവൻസ് ലഭ്യമാകാത്തത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ല. എന്നാൽ ഇ-പോസ് മെഷീൻ സെർവർ തകരാർ മൂലം 2023 ഏപ്രിൽ മാസം റേഷൻമുടങ്ങിയതായും അർഹതപ്പെട്ട റേഷൻവിഹിതം ലഭിക്കാത്തവർക്ക് ഫുഡ് സെക്യൂരിറ്റി അലവൻസ് അനുവദിക്കണമെന്നും ആവശ്യപ്പെട്ട് മുൻ എം.എൽ.എ ശ്രീ. ജോസഫ് എം. പുതുശ്ശേരി സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ, ടി മാസത്തെ റേഷൻവിതരണ കാലാവധി അവസാനിക്കുന്ന 05.05.2023-നകം റേഷൻ വിഹിതം ലഭിക്കാത്ത മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുടമകൾക്ക് ഫുഡ് സെക്യൂരിറ്റി അലവൻസ് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ പരാതി പരിഹാര ഓഫീസർമാർക്കും ഭക്ഷ്യക്കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ അത്തരം പരാതികൾ ഒന്നും തന്നെ ലഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. സാങ്കേതിക തകരാർ മൂലം ആർക്കും റേഷൻ നിഷേധിക്കപ്പെടുന്ന സാഹചര്യമുണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ